## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2110 11/03/2020 ൽ മറുപടിക്ക്

# കളിമൺപാത്ര വ്യവസായം പ്രോത്സാഹിപ്പിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കളിമൺപാത്ര നിർമ്മാണം ഉൾപ്പെടെയുള്ള പരമ്പരാഗത കലത്തൊഴിൽ ചെയ്തു വരുന്ന സമൂഹത്തിന്റെ ക്ഷേമത്തിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) പരമ്പരാഗത വ്യവസായത്തിന്റെ ഭാഗമായ കരകൗശലത്തൊഴിലിന്റെ പ്രോത്സാഹനത്തിന് വിവിധ പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നു. കരകൗശലത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതികൾ ലക്ഷ്യമിടുന്നത്. സംസ്ഥാനതല ഏജൻസികളായ കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ, കേരളാ ആർട്ടിസാൻസ് വികസന കോർപ്പറേഷൻ, കേരളാ കരകൗശല അപ്പക്സ് സഹകരണ സംഘം, കേരളാ മുള വികസന കോർപ്പറേഷൻ, കേരളാ ബാംബൂ മിഷൻ, കേരളാ പനയുല്പന്ന ക്ഷേമ കോർപ്പറേഷൻ എന്നിവ മുന്നോട്ടു വയ്ക്കുന്ന വിവിധ പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകിക്കൊണ്ടാണ് സർക്കാർ ടി മേഖലയെ സഹായിക്കുന്നത്. കളിമണ്ണുപയോഗിച്ചുള്ള കരകൗശല ഉത്പന്ന യൂണിറ്റുകൾക്ക് കൂടി ധനസഹായം ലഭിക്കുന്ന "ആഷ" എന്ന പദ്ധതിയും നിലവിലുണ്ട്. |
| (ബി) വലിയ പ്രതിസന്ധി നേരിടുന്ന കളിമൺപാത്ര വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിൽ നിന്നും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (ബി) കളിമൺപാത്ര മേഖലയെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനം കോഴിക്കോട്, വയനാട് ജില്ലകളിൽ ആവിഷ്കരിച്ചിട്ടുണ്ട്. മൺപാത്ര നിർമ്മാണ തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ച കേരളാ സംസ്ഥാന കളിമൺപാത്ര നിർമ്മാണ കോർപ്പറേഷന്റെ പ്രവർത്തനത്തിനായി ഷെയർ കാപ്പിറ്റൽ അനുവദിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) മൺപാത്ര നിർമ്മാണ വ്യവസായത്തൊഴിലാളികളുടെ ക്ഷേമത്തിനായി ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ നവീനമായ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) കേരളാ സംസ്ഥാന കളിമൺപാത്ര നിർമ്മാണ കോർപ്പറേഷന്റെ പ്രവർത്തനം ഊർജ്ജിതമാകുന്ന മുറയ്ക്ക് നവീനമായ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ